# ബൈറ്റ്സ്

# 2019-20



## ST.MARY'S HSS CHAMPAKULAM

**E-mail-smhsschampakulam@gmail.com,**

**Web:www.stmaryshs.org**

**LK/46024/2018**

# സെൻറ് മേരീസ് എച്ച് എസ് എസ് ചമ്പക്കുളം

## ലിററിൽ കൈററ്സ്

# ബൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

# 2019-20

ബൈറ്റ്സ്

# എഡിറ്റോറിയൽ ബോർഡ്




## ചീഫ് എഡിറ്റേഴ്സ്

ശ്രീമതി. ട്രീസ ആൻറണി

സി .ഷീലാമ്മ കെ ജോസഫ്

## സ്റ്റുഡൻറ് എഡിറ്റേഴ്സ്

ജെനിഫർ മരിയ ബെന്നി

നാഗലക്ഷ്മി.ജി

ടിം .ചെറിയാൻ

മാത്യു ജോസഫ്

മഹിമാ.എം




# ആശംസ

ഹൈ-ടെക് സാങ്കേതിക വിദ്യ ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി ആരംഭിച്ചിരിക്കുന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ “ബൈറ്റ്സ്” എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും.

സ്നേഹപൂർവ്വം

അലക്സാണ്ടർ കെ വർഗീസ്

ഹെഡ്മാസ്റ്റർ




# എഡിറ്റോറിയൽ

അത്യധികം സന്തോഷത്തോടും അളവറ്റ വിസ്മയത്തോടും കൂടി സെന്റ്മേരീസ് കുടുംബം "ബൈറ്റ്സ്" പ്രകാശനം ചെയ്യുകയാണ്. നൂതന സാങ്കേതികലോകത്തിലേയ്ക്ക് ഇളം മൊട്ടുകളുടെ ഒരു പുതുകാൽവയ്പ്പ്.

ഈ അവസരത്തിൽ ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങളും, ഞങ്ങൾക്ക് എല്ലാ വിധ മാർഗ്ഗനിർദ്ദേശങ്ങളും, സഹായ സഹകരണങ്ങളും, പ്രോത്സാഹനങ്ങളും നല്കി ഞങ്ങൾക്ക് വഴികാട്ടിയായി നിലകൊണ്ട ഹെഡ്മാസ്റ്റർ ശ്രീ അലക്സാണ്ടർ കെ വർഗീസ് സാർ, കൈററ് മിസ്ട്രസ്മാർ എന്നിവർക്ക് നന്ദിയുടേതായ നറുമലരുകൾ അർപ്പിച്ചു കൊള്ളുന്നു. ഈ എളിയ സംരംഭത്തിൽ ഞങ്ങളോടൊപ്പം സഹകരിച്ച, സഹായിച്ച എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ട് "ബൈറ്റ്സ്"സവിനയം സമർപ്പിക്കുന്നു.

സ്റ്റുഡൻറ് എഡിറ്റേഴ്സ്

# ഉള്ളടക്കം

ലിറ്റിൽകൈറ്റ്സ് ഒറ്റ നോട്ടത്തിൽ....................7
ലിറ്റിൽ കൈറ്റ്സ്@ സെൻറ് മേരീസ്എച്ച്എസ്....................8
സ്കൂൾതല ഭരണ നിർവഹണ സമിതി....................9
ലിററിൽ കൈററ്സ്....................10
ഒരു കുടുംബത്തിന്റെ നെടുംതൂൺ....................12
മൂലം ജലോത്സവത്തിന്റെ ചരിത്രവും പൈതൃകവും....................14
നൂറുമേനി....................17
മനുഷ്യനും പ്രകൃതി ദുരന്തവും....................18
ദിനാരംഭം....................23
സൗഹൃദം....................26
സ്വർഗ്ഗം....................29
ഗാന്ധിയൻ ആദർശങ്ങളുടെ സമകാലിക പ്രസക്തി....................31
ഇന്നിൻ ഭാഷയും സംസ്കാരവും....................33
തകർന്നടിഞ്ഞ സ്വപ്നം....................38
മഹേഷിൻറെ ഡയറി....................43
വേദന....................45
നന്മകൾ....................47
നന്ദിയുടെ ഒരു വാക്ക്....................50

ബൈറ്റ്സ്

# ലിറ്റിൽകൈറ്റ്സ് ഒറ്റ നോട്ടത്തിൽ

ട്രീസാ ആൻറണി

കൈററ് മിസ്ട്രസ്

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിന് ആണ് ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർഥിക്ക് വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകുന്നു. ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനാണ് വിവിധ വിഷയ മേഖലകളിലെ പ്രായോഗിക പരിശീലനം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാഫിക്സ് & ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്, ഹാർഡ്‌വെയർ മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ്പ് പബ്ലിഷിംഗും, ഇൻറർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ്തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് . കൂടാതെ മികവുപുലർത്തുന്നവർക്ക് സബ്ജില്ല -ജില്ല -സംസ്ഥാനതല ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പദ്ധതി അവസരമൊരുക്കുന്നു.

മാനുഷിക മൂല്യങ്ങളോട് ഒപ്പം സാങ്കേതികവിദവൈദഗ്ധ്യവുംഅഭിരുചിയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

# ലിറ്റിൽ കൈറ്റ്സ്@ സെൻറ് മേരീസ്എച്ച്എസ്

സി .ഷീലാമ്മ കെ ജോസഫ്
കൈററ് മിസ്ട്രസ്

സംസ്ഥാന വിദ്യാലയങ്ങൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർഥികളുടെ സാങ്കേതിക പരിജ്ഞാനം ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി സാങ്കേതിക വൈദഗ്ധ്യമുള്ള ഒരുസംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിനായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് പദ്ധതി 2017-18 അധ്യയനവർഷം ചമ്പക്കുളം സെൻറ് മേരീസ് എച്ച്എസ് ല് ആരംഭിച്ചു. എട്ടാം ക്ലാസ് വിദ്യാർഥികളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 36 വിദ്യാർഥികൾക്കാണ് പരിശീലനം നൽകിവരുന്നത് . എല്ലാ ബുധനാഴ്ചയും വൈകുന്നേരം നാലുമണി മുതൽ അഞ്ചു മണി വരെയാണ് പരിശീലനം. ആകെ 7 മൊഡ്യൂളുകളിലായി ഗ്രാഫിക് & ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ് & ഇൻറർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്പ്, പൈത്തൺ& ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, ഹാർഡ് വെയർ എന്നീ മേഖലകളിലാണ് പരിശീലനം നൽകിവരുന്നത്. കൈററ് മിസ്ട്രസ്മാരായി **സി .ഷീലാമ്മ കെ ജോസഫും** ശ്രീമതി ട്രീസ ആൻറണിയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

# ലിററില് കൈററ്സ്

## സ്കൂൾതല ഭരണ നിർവഹണ സമിതി

ചെയർമാൻ: ശ്രീ ടോം ജെ (പിടിഎ പ്രസിഡൻറ്)

കൺവീനർ :ശ്രീ. അലക്സാണ്ടർ കെ വർഗീസ് (ഹെഡ്മാസ്റ്റർ)

വൈസ് ചെയർമാൻമാർ :ശ്രീമതി റോസമ്മ ആൻറണി
(എം പിടിഎ പ്രസിഡൻറ്)

ശ്രീമതി ജിപ്സി മാർട്ടിൻ
(പിടിഎ വൈസ് പ്രസിഡൻറ്)

ജോയിൻറ് കൺവീനർമാർ: സി .ഷീലാമ്മ കെ ജോസഫ്
ശ്രീമതി ടീസ ആൻറണി
(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്മാർ)

## കുട്ടികളുടെ പ്രതിനിധികൾ

കൈറ്റ് ലീഡർ : മാസ്റ്റർ മാത്യു ജോസഫ്

കൈറ്റ് ഡെപ്യൂട്ടി ലീഡർ : കുമാരി ജെനിഫർ മരിയ ബെന്നി

# ലിററിൽ കൈററ്സ്




| | | |
|---|---|---|
| എയ്ഞ്ചൽ മേരി ജോഷി | വൃന്ദ ബിനു | ജയരാജ് രാജു |
| അമല സിബി | ജെനിഫർ മരിയ ബെന്നി | ജെറമി ജെക്കബ് ജോബ് |
| ആഷ്ന മരിയ ജോസഫ് | അഭിരാമി .വി | അലൻ സജി |
| ജോസ്ലി പി ജെ | മരിയ ലാലിച്ചൻ | അനന്തു |
| മേരി നേഹ ജോഷി | സബിത സന്തോഷ് കുമാർ | |
| ജെസ്സൽ ജോഷി | അശ്വിനി റ്റി എസ് | |
| വർഷ ബേബി | റ്റെസി തോമസ് | |
| മഹിമ എം | നാഗലക്ഷ്മി . ജി | |
| സൂര്യ ജിജി | പ്രണവ് എം | |
| അലീന മരിയ സണ്ണി | ലിബിൻ ജോസഫ് | |
| അൽഫോൺസാ കുരിയാക്കോസ് | ജിബിൻ ജോസഫ് | |
| ആഷ്നാ മരിയ അഗസ്റ്റിൻ | ടിം ചെറിയാൻ | |
| അഭിരാമി എസ് | മാത്യു ജോസഫ് | |
| നിമ്മി ചാക്കോ | ജെസ്റ്റിൻ ചാക്കോ | |

# ബൈറ്റ്സ്






# ഒരു കുടുംബത്തിന്റെ നെടുംതൂൺ

കഥ





ഗംഗപ്രിയ

**9A**

ഒരു ഗ്രാമത്തിലെ വീട്ടിലാണ് ചന്ദ്രനും ഭാര്യ ലക്ഷ്മിയും അവരുടെ മക്കൾ അമ്മുവും ആദിയും താമസിക്കുന്നത്. ചന്ദ്രൻ ഒരു തെങ്ങു കയറ്റകാരനാണ്. അയാൾ തെങ്ങു കയറി ലഭിക്കുന്ന കാശു കൊണ്ട് വേണം ആ വീട് പുലർത്തി കൊണ്ടു പോകാൻ. ആദി അഞ്ചാം ക്ലാസിലാണ് പഠിക്കുന്നത്, അമ്മു രണ്ടിലും. അവരുടെ പഠനത്തിനും വീട്ടാവശ്യങ്ങൾക്കും ആയി ചന്ദ്രന്റെ വരുമാനം പോരാതെ ആയി. അവർ ഒരു വാടകവീട്ടിലാണ് താമസിക്കുന്നത്. ഒരു വീട് വെക്കണം എന്നത് ലക്ഷ്മിക്കും മക്കൾക്കും ഒരു ആഗ്രഹമായിരുന്നു. ചന്ദ്രന് ആഗ്രഹമില്ലാഞ്ഞിട്ടല്ല അവന്റെ സാഹചര്യം അനുകൂലമല്ലായിരുന്നു എന്ന് ചന്ദ്രന് അറിയാമായിരുന്നു അതിനാലാണ്. ചന്ദ്രനും ലക്ഷ്മി സ്നേഹിച്ച് ആണ് വിവാഹം കഴിച്ചത്. ഇരുവരുടെയും വീട്ടുകാർ അവർക്ക് എതിരായിരുന്നു. ആ കുടുംബത്തിലെ നെടുംതൂണായിരുന്നു ചന്ദ്രൻ. ചന്ദ്രൻ എന്ന ചെറുപ്പക്കാരൻ ചെറുപ്പത്തിൽ നന്നായി പഠിക്കുമായിരുന്നു. സാഹചര്യങ്ങൾ പ്രതികൂലം

ആയിരുന്നതിനാൽ അയാൾക്ക് തെങ്ങുകയറ്റം എന്ന ജോലി സ്വീകരിക്കേണ്ടിവന്നു.

ലക്ഷ്മി നല്ല കുടുംബത്തിൽ ജനിച്ച കുട്ടിയാണ്. വിവാഹം വീട്ടുകാരുടെ ഇഷ്ടപ്രകാരമല്ലയിരുന്നതിനാൽ അവളെ ഒരു മകളായി ലക്ഷ്മിയുടെ മാതാപിതാക്കൾ കണക്കാക്കുന്നില്ലായിരുന്നു. അതുകൊണ്ട് തന്നെ കൂടുതൽ കൂടുതൽ കഷ്ടപ്പാടിലേക്കും പട്ടിണിയിലേക്ക് ആ കുടുംബം കടന്നു പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ ഒരു മഴയത്ത് അവരുടെ വീടിന്റെ മേൽക്കൂര ഇളകി പോയി. തന്റെ ചെറിയ വരുമാനത്തിൽ നിന്നാണെങ്കിലും ചന്ദ്രൻ വീടിന്റെ പുനർനിർമ്മാണം ആരംഭിച്ചു. അങ്ങനെ ഒരു ദിവസം ചന്ദ്രൻ തെങ്ങ്കയറുന്നതിനിടയിൽ കാൽവഴുതി തെങ്ങിൽ നിന്ന് താഴെ വീണു. ഉടനെ ആശുപത്രിയിലെത്തിച്ചെങ്കിലും ചന്ദ്രനെ രക്ഷിക്കാനായില്ല. ചന്ദ്രൻ മരിച്ചു. ആ കുടുംബം ഈ വാർത്ത അറിഞ്ഞ വളരെ തകർന്നു. ചന്ദ്രന്റെ തുച്ഛമായ വരുമാനത്തിൽ നിന്ന് ജീവിച്ച ആ കുടുംബം മുഴുപട്ടിണിയിലായി. ലക്ഷ്മിക്ക് സ്വന്തമായി കുടുംബം പോറ്റാൻ ഉള്ള വരുമാനം ഇല്ലായിരുന്നു. പിന്നീടുള്ള നാളുകളിൽ ലക്ഷ്മി ജോലിക്കു വേണ്ടി അലയുകയായിരുന്നു. ആരും തന്നെ ലക്ഷ്മിയെ സഹായിച്ചില്ല. നിസ്സഹായയായ അവൾ ആത്മഹത്യയുടെ വക്കിൽ എത്തി. എങ്കിലും കുട്ടികളുടെ ഭാവിയോർത്ത് അവൾ അതിൽ നിന്നും പിന്തിരിഞ്ഞു. എന്നാൽ അവളുടെ മനോനില താറുമാറായി. കുട്ടികളും ഈ അവസ്ഥയിൽ എത്തിയിരുന്നു. ചന്ദ്രന്റെ വേർപിരിയൽ കുടുംബത്തെ തളർത്തി. വിരഹ നൊമ്പരത്തിൽ അവർ ജീവിതം മുന്നോട്ടു നയിച്ചു.

, , , , , , , , , , , , , , , , ,

# മൂലം ജലോത്സവത്തിന്റെ ചരിത്രവും പൈതൃകവും






റോസിൻ തോമസ്

**9** സി

## ആമുഖം:

പുരാതനകാലം മുതൽ നിലനിന്നിരുന്ന മൂലം വള്ളംകളി എന്നും കുട്ടനാട്ടുകാർക്ക് ആവേശവും ആഘോഷവുമാണ്. നമ്മുടെ നാടിന്റെ ആർപ്പുവിളി ഓരോ തുഴച്ചിൽകാരനേയും ആവേശം കൊള്ളിക്കുന്നത്. ഒരു വള്ളംകളി എങ്കിലും നേരിൽ കാണാത്തവരായി ആരും തന്നെ ഉണ്ടാവില്ല. കൂറ്റൻ മരക്കൊമ്പുകളിലും വലിയ കെട്ടിടങ്ങളുടെ മുകളിലും കാണികളായി അണിനിരക്കുന്നവർ അനവധിയാണ്

.

## ചുണ്ടൻ വള്ളം:

41 കോൽ നീളമുള്ള ചുണ്ടൻ വള്ളങ്ങളാണ് മൂലം ജലോത്സവത്തിന് അണിനിരക്കുന്നത്. ഒരു ചുണ്ടനിൽ 85 തുഴച്ചിൽക്കാർ പത്ത് നിലക്കാരും അഞ്ച് അമരക്കാരും ആണുള്ളത്. അങ്ങനെ മൊത്തം 95 പേർ. ചുണ്ടൻവള്ളങ്ങളുടെ നടുവിൽ നിന്നും പാട്ടുപാടി തുഴക്കാരെ സഹായിക്കുന്നവരാണ് നിലക്കാർ. അമരക്കാർ ആകട്ടെ വലിയ പങ്കായങ്ങൾ ഏന്തി ചുണ്ടനെ നേരെ നയിക്കുകയും ചെയ്യുന്നു.

## ചരിത്രവും പൈതൃകവും:

## ബൈറ്റ്സ്

കേരളത്തിലെ വള്ളംകളികളിൽ ആറന്മുള കഴിഞ്ഞാൽ ഏറ്റവും പുരാതനമായ വള്ളം കളിയാണ് ചമ്പക്കുളം മൂലം വള്ളംകളി. പമ്പാനദിയിൽ ആണ് ഇത് നടത്തപ്പെടുന്നത്. മലയാളമാസമായ മൂലം നാളിലാണ് മൂലം വള്ളംകളി അരങ്ങേറുക.

അമ്പലപ്പുഴ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ വിഗ്രഹ പ്രതിഷ്ഠാദിനവുമായി ബന്ധപ്പെടുത്തിയാണ് ഈ മൂലം വള്ളംകളി ചമ്പക്കുളം പമ്പാനദിയിൽ വർഷങ്ങൾ ആയി നടക്കുന്നത്. ക്രിസ്തുവർഷം 1545 മലയാള വർഷം 990 ആണ് മൂലം വള്ളം കളി ആരംഭിക്കുന്നത്.

ചമ്പക്കുളം മൂലം വള്ളം കളിയുടെ ഐതിഹ്യം എന്തെന്നാൽ ചെമ്പകശ്ശേരി രാജാവായിരുന്ന ദേവനാരായണൻ രാജപുരോഹിതന്റെ ഉപദേശമനുസരിച്ച് അമ്പലപ്പുഴയിലൊരു ക്ഷേത്രം പണിതു. പക്ഷേ വിഗ്രഹത്തിന്റെ പ്രതിഷ്ഠയ്ക്ക് മുമ്പ്, വിഗ്രഹത്തിന്റെ സ്ഥാപനത്തിന് മുമ്പ് അത് ശുഭകരം അല്ലെന്ന് അദ്ദേഹം അറിഞ്ഞു. ഈ വിഗ്രഹത്തിനു പകരം ചങ്ങനാശ്ശേരിക്ക് അടുത്തുള്ള കുറിച്ചിയിലെ കരിംകുളം ക്ഷേത്രത്തിൽ നിന്നും ശ്രീകൃഷ്ണവിഗ്രഹം കൊണ്ടുവരികയാണ് പരിഹാരമെന്നും അദ്ദേഹത്തിന് തോന്നി. കുറിച്ചിയിലെ വിഗ്രഹം അർജ്ജുനന് ശ്രീകൃഷ്ണൻ നേരിട്ട് സമ്മാനിച്ചതാണ് എന്നതാണ് വിശ്വാസം. കരിംകുളം ക്ഷേത്രത്തിൽ നിന്നും അമ്പലപ്പുഴയിലേക്ക് തിരിച്ചു വരുന്ന വഴി രാജാവും മന്ത്രിമാരും മറ്റുള്ളവരും ചമ്പക്കുളത്ത് രാത്രിയിൽ ചെലവഴിച്ച് പൂജകൾ നടത്തുവാൻ തീരുമാനിച്ചു. പിറ്റേദിവസം രാവിലെ വിഗ്രഹത്തെ അനുഗമിക്കാൻ ആയി നിറപ്പകിട്ടാർന്ന വള്ളങ്ങളും തോരണങ്ങളും ആയി സമീപപ്രദേശത്തെ ധാരാളം ജനങ്ങൾ എത്തിച്ചേർന്നു. വള്ളങ്ങളുടെ ഈ വർണ്ണാഭമായ ഘോഷയാത്ര വിഗ്രഹത്തെ അനുഗമിച്ചു.

## ഉപസംഹാരം:

വള്ളം ട്രാക്കിൽ എത്തുന്നതിനുമുൻപ് തന്നെ അവ പ്രേക്ഷകരുടെ മനസ്സിൽ അണി നിരന്നു കഴിയും. പിന്നെ വിജയിയെ അറിയാനുള്ള തത്രപ്പാടിൽ ആവും അവരുടെ മനസ്സ്. എന്നിരുന്നാലും അവസാനം വരെ കാത്തിരിക്കാനും വിജയിച്ചവരോടൊപ്പം സന്തോഷിക്കാനും അവർ തയ്യാറാണ് കാരണം അത് അവരുടെ ഉത്സവമാണ്.

. . . . . . . . . . . . . . . . .

# ബൈറ്റ്സ്





Nimmy Chacko

കവിത

# നൂറുമേനി





അൽഫോൻസാ കുര്യാക്കോസ്

**9 C**

കൃഷിയിൽ പൂത്തുനിൽക്കുന്ന മേനികൾ
കാറ്റ് ആടിയുലയുന്ന വർണ്ണ മേനികൾ
പുഞ്ചിരിയോടെ ഹൃദയങ്ങളിൽ ഓടിയെത്തുന്ന
വർണ്ണ പുഞ്ചിരി മേനികൾ
വിളവു നൽകിക്കൊണ്ട് ഉല്ലാസ പരിധി ആക്കുന്ന മേനികൾ
പലപല മേനികൾ പുഞ്ചിരിയോട് നൽകുന്ന സുന്ദരമായ കൃഷിഭൂമി
വർണ്ണങ്ങൾ നിറഞ്ഞുനിൽക്കുന്ന കാറ്റാടി പോലെയുള്ള മേനികൾ
പറന്നു പറന്നു ഉയരുന്ന സൂചി നെൽമണികൾ
പ്രകൃതിയെ ലോലമായി ഉണർത്തുന്ന സ്വർണ്ണ പൂമൊട്ടുപോലെ നെൽമണികൾ
ഹൃദയങ്ങളിൽ ഉഷസേ എത്തുന്ന വയനാട് നെൽമണികൾ
വിളവ് വാരി കൊണ്ട് അണിഞ്ഞൊരുങ്ങുന്ന പൊൻ തരികൾ
മഹിയിൽ പട്ടു വിരിച്ച് സ്വർണ്ണ പുഞ്ചിരിയോടെ നില്ക്കുന്ന കൃഷി മേനികൾ
ഒന്നോർത്താൽ എത്ര സുന്ദരം ഈ കൃഷി ഭൂമികൾ
കൃഷിയിൽ പൂത്തുനിൽക്കുന്ന മേനികൾ

* * * * * * * * * * * * *

ബൈറ്റ്സ്

ലേഖനം

# മനുഷ്യനും പ്രകൃതി ദുരന്തവും



.



അഭിരാമി. പി

**9 A**

ലോകത്താകമാനം പ്രകൃതിദുരന്തങ്ങൾ ഇതിനുത്തരവാദി ആര്? മനുഷ്യൻ തന്നെ എന്നുള്ളതാണ് വാസ്തവം. പേമാരി ഉരുൾപൊട്ടൽ മണ്ണിടിച്ചിൽ പ്രളയക്കെടുതികൾ എന്നിങ്ങനെയുള്ള പ്രകൃതിദുരന്തങ്ങൾ നൂറുകണക്കിന് വീടുകളാണ് ഇടിഞ്ഞു തകർന്നു ഒലിച്ചുപോയത് ഒരുപാട് പേരുടെ ജീവിതം ആണ് പ്രളയം കവർന്നെടുത്തത്.

നമ്മെ സംബന്ധിച്ചിടത്തോളം കടന്നുപോയ പ്രളയം പ്രകൃതി ദുരന്തത്തിന്റെ മറ്റൊരു മുഖമാണ്. കൊല്ലവർഷം 99 ലെ വെള്ളപ്പൊക്കം എന്ന് കേട്ടിട്ടുണ്ട്. പമ്പാനദിയിലൂടെ ആനയുടെ ജഡം ഒഴുകിപ്പോകുന്നത് കണ്ടു എന്ന്ഏതോ ഒരു വല്യമ്മ പറഞ്ഞപ്പോൾ വെറും കെട്ടുകഥയായി തോന്നിയ നമുക്ക് 2018 ലെ മഴക്കാലം അത് എന്തെന്ന് കാണിച്ചു തന്നു. മലയാളക്കരയിൽ വീണ്ടും ഒരു പ്രളയത്തിന് കൂടി നാം സാക്ഷിയായി. മഹാപ്രളയത്തിൽ നിന്നും കരകയറുകയാണ് നമ്മൾ. വെറുതെ തിരിച്ചു

പോകുമെന്ന് കരുതിയ മഴയുടെ വരവ് കേരളത്തിലെ നട്ടെല്ല തകർത്തു. ഇടുക്കി അണക്കെട്ടിലെ ഷട്ടറുകൾ തുറക്കുന്ന ചരിത്ര നിമിഷത്തിന് കാത്തിരുന്ന നമ്മുടെ ആകാംക്ഷകൾ, സ്വാതന്ത്ര്യദിനം മുതൽ മഴയുടെ കരിനിഴൽ വീണ കേരളത്തിന്റെ ആകാശത്ത് ഉരുൾപൊട്ടലിൽ മണ്ണിടിഞ്ഞുവീണ് എത്രയെത്ര ജീവിതങ്ങളാണ് പാതിവഴിയിൽ പൊലിഞ്ഞത്.

ഈ പ്രകൃതി ദുരന്തങ്ങൾക്ക് കാരണംഉയർന്ന അളവിൽ മഴപെയ്തതാണ് എന്ന് കേന്ദ്ര ജലകമ്മീഷൻ നിഗമനത്തിലെത്തി. എന്നാൽ ഒന്ന് ചിന്തിച്ച നോക്കു ഇത് മനുഷ്യ നിർമ്മിതം തന്നെയായിരുന്നില്ലേ? അത് പ്രകൃതിയുടെ ഒരു തമാശ മനുഷ്യന്റെ പ്രകൃതിയോടുള്ള ചൂഷണം അതിരുകൾ കടന്നിരിക്കുകയാണ് സ്വാർത്ഥ ലാഭത്തിനു വേണ്ടി പ്രകൃതിയെ വേദനിപ്പിക്കുകയാണ്. പ്രകൃതി അമ്മാനമാടാൻ മനുഷ്യൻ ആഗ്രഹിച്ചു. അഹങ്കരിച്ച പ്രകൃതിയെ തന്നെ ചൊൽപ്പടിയിൽ നിര്ത്താം എന്ന് വ്യാമോഹിച്ച. എന്നാല് പ്രകൃതി അവനെതിരെ ശക്തമായി പോരാടി. ഭൂമിക്കൊരു ചരമഗീതം എന്ന കവിതയും ഒഎൻവി കുറുപ്പിന് അല്പകാലം മുന്പ് എഴുതേണ്ടി വന്നു. ഒരു കൈകൊണ്ട് തല്ലുകയും മറുകൈകൊണ്ട് തലോടുകയും ചെയ്യുന്ന ആളാണ് പ്രകൃതി എന്ന് തിരിച്ചറിയാൻ മനുഷ്യന് കഴിയാതെ പോയി.

മനുഷ്യന് പ്രകൃതിയോടുള്ള ദുഷ്ടത വർദ്ധിച്ച കാടുകൾ വെട്ടിത്തെളിച്ച, പാടങ്ങള് മണ്ണിട്ട് നികത്തിയും മണിമാളികകൾ പടുത്തുയർത്തിയും മനുഷ്യന് പ്രകൃതിയെ മാനഭംഗം ചെയ്യുകയാണല്ലോ.

ആദിവാസി ഊരുകൾ വരുംതലമുറയെ ബോധവൽക്കരിക്കാൻ ആയാണ്.

"നമ്മ വീട്ടിൽ ഒരു മരം വേണം
നമ്മ ഊരിൽ ഒരു മരം വേണം
നാടൊട്ടുക്ക് ഒരു മരം വേണം"

എന്ന് പാടിയത് പ്രകൃതിയും മനുഷ്യനും ദൈവചൈതന്യവും ഒന്നായി തീരുന്നിടത്ത് ജീവിതം സുഖം ഉള്ളതായി കാണുന്നു, ഇതാണ് ഭാരതീയദർശനം. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം അധർമ്മ പൂരിതം ആകുമ്പോൾ പ്രകൃതിയുടെ

## ബൈറ്റ്സ്

സന്തുലിതാവസ്ഥ തകർന്ന മനുഷ്യജീവിതം ശിഥിലമാകുന്നു. പ്രകൃതി എന്നത് നമ്മുടെ അമ്മയാണ് ആയതിനാൽ തന്നെ അമ്മയെ മുറിപ്പെടുത്താതെ അമ്മയ്ക്ക് സന്തോഷത്തിന്റെ പൂമാല നല്കാൻ നമുക്ക് നൽകാൻകഴിയണം. ഒരു 20 വർഷം മുൻപുള്ള ഹരിത പൂർണമായ ഒരു അന്തരീക്ഷം ഇന്ന് നഷ്ടമായി ഇരിക്കുകയാണ് മനുഷ്യൻ മാത്രമാണ് ഇതിന് ഉത്തരവാദി.

കേരളം ആണെങ്കിൽ ഒരു ദിവസം പുറന്തള്ളുന്നത് 10000 ടൺ മാലിന്യമാണ് ഇതിൽ സംസ്കരിക്കപ്പെടുന്നത് 5000 ടൺ മാത്രം ബാക്കി ചിതറിക്കിടക്കുന്നു. കാലാവസ്ഥയിൽ വന്ന വ്യത്യാസങ്ങളാണ് പ്രകടമായി സംഭവിച്ചുകൊണ്ടിരിക്കുന്നത് 100 വർഷത്തിനിടയിൽ 4.5 ഡിഗ്രി പെട്ടന്ന് ചൂട് കൂടുമെന്ന്ശാസ്ത്രലോകം. ജലമലിനീകരണം ആണെങ്കിൽ അതിലുമപ്പുറം കേരളത്തിലെ 80% കിണറുകളും മലിനമാണ്. ഇന്ന് പൂത്തുലഞ്ഞ് കാറ്റിലാടി നിൽക്കുന്ന നെൽക്കതിരുകൾ എണ്ണം കുറഞ്ഞിരിക്കുന്നു വനനശീകരണം വായുമലിനീകരണം എന്നിങ്ങനെ പോകുന്നു മനുഷ്യ ചെയ്തികൾ. വികസനം ആവശ്യമാണ് അത് സ്വന്തം അമ്മയുടെ മാറുപിളർന്ന് കല്ലറകൾ സ്ഥാപിച്ച് ആകരുത്.

മനുഷ്യൻ കൂടുതൽ പരിഷ്കാരി ആകുന്തോറും കാടുകളുടെ എണ്ണം കുറഞ്ഞു വരുന്നു. കാടുകൾപലതും ഏടുകൾ ആകുന്നു. മേടുകൾ ക്രമേണ മണൽക്കാടുകൾ ആകുന്നു. മാലിന്യങ്ങളെ നിയന്ത്രിക്കുന്നതിലും മണ്ണിന്റെ ഈർപ്പവും വളവും നൽകുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും കാടുകൾ വഹിക്കുന്ന പങ്ക് നിർണായകമാണ് വനങ്ങൾ നശിപ്പിക്കുന്നതിന്റെ ഫലമായി മണ്ണൊലിപ്പ് ഉണ്ടാകുന്നു. ഉരുൾ പൊട്ടൽ ഉണ്ടാകുന്നു. ആയതിനാൽ തന്നെ പ്രകൃതിദുരന്തങ്ങൾക്ക് തടയിടാൻ നമുക്ക് ചെയ്യാൻ സാധിക്കുന്ന പുണ്യം കാടുകൾ നശിപ്പിക്കാതിരിക്കുക എന്നതാണ്. കുട്ടനാടിന്റെ കാര്യത്തിലാണെങ്കിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിൽ തണ്ണീർമുക്കം ബണ്ടും തോട്ടപ്പള്ളി സ്പില്വേയും നിർണായകമായ പങ്കാണ് വഹിക്കുന്നത് കഴിഞ്ഞ പ്രളയത്തിൽ ഇവയുടെ പ്രവർത്തനം ശരിയായി നടത്താൻ നമുക്ക് സാധിച്ചില്ല. ഇനിയൊരു പ്രളയം ഉണ്ടാകുകയാണെങ്കിൽ ഇവ നാം ഫലപ്രദമായി ഉപയോഗിക്കണം.

ദുരന്തങ്ങൾക്ക് സഹായിക്കാനെത്തിയ വള്ളങ്ങളും മറ്റും മതിലുകളിൽ ഇടിച്ച് തകർന്നു പോയതായി നമ്മൾ വാർത്താമാധ്യമങ്ങളിൽ നിന്നും മനസ്സിലാക്കിയത്

ആണല്ലോ. സ്നേഹമാകുന്ന മതിലുകൾ മാത്രമായിരുന്നു ആളുകൾക്ക് ചുറ്റും ഇന്ന് അതല്ല ഓരോ വീടുകളും കൂറ്റൻ മതിലുകളുടെ സാമ്രാജ്യമായി മാറിയിരിക്കുന്നു. ഇത് മനുഷ്യർക്കിടയിൽ വഞ്ചനയും എല്ലാം കെട്ടിപ്പിടിക്കണം എന്ന ദുരാശയും ദിനംപ്രതി വളർത്തുന്നു ഇവിടെയാണ് ദുരന്തങ്ങളുടെ ആരംഭം ആയതിനാൽ തന്നെ സ്നേഹത്താൽ വാതിലുകൾ കെട്ടിപ്പടുക്കാൻ നമുക്ക് പരിശ്രമിക്കാം.

തോടുകളുടെയും പുഴകളുടെയും ആഴം കൂട്ടി ജലസംരക്ഷണ ശേഷി വർദ്ധിപ്പിക്കുകയും എസി കനാൽ പൂർണമായി തുറന്നു കൊടുക്കുകയും ചെയ്താൽ പ്രളയത്തെ ഒരു പരിധിവരെ തടയാൻ നമുക്ക് സാധിക്കും എല്ലാത്തിനും ഉപരിയാണ് മനുഷ്യര് തമ്മിലുള്ള ഐക്യം.

ഇനിയൊരു ദുരന്തം താങ്ങാൻ നമ്മള് ഉണ്ടാവില്ല. ആയതിനാൽ ഇനി വരുന്ന തലമുറ മാറിച്ചിന്തിക്കാൻ അതിക്രമിച്ചിരിക്കുന്നു പ്രകൃതി നമ്മുടെ സ്വന്തം അമ്മയാണ് എന്ന് തിരിച്ചറിഞ്ഞു കൊണ്ട് ഒരു പുതിയ ജീവിതരീതി വാർത്തെടുക്കുവാൻ നമുക്ക് പരിശ്രമിക്കാം ഒരുമിച്ച് കൈകൾ കോർത്ത് പിടിച്ച് പ്രകൃതിയെ തിരികെ കൊണ്ടുവരാൻ നമുക്ക് പരിശ്രമിക്കാം നാം പരിശ്രമിച്ചാൽ ഒത്തുപിടിച്ചാൽ ഈ പ്രകൃതി ദുരന്തങ്ങൾ നിയന്ത്രിക്കാൻ ഒരു പരിധി വരെ സാധിക്കും പ്രകൃതിയുടെ മറഞ്ഞുപോയ ഹരിതഭംഗി കൺനിറയെ സൃഷ്ടിക്കാൻ ഉള്ള ശക്തി നാം തിരിച്ചുപിടിക്കണം ഇനി വളർന്നുവരുന്ന നമ്മളാണ് പ്രകൃതിയുടെ അടുത്ത കാവൽക്കാർ അമ്മയെ നല്ലവണ്ണം നോക്കാൻ നമുക്ക് സാധിക്കണം പ്രകൃതിയെ നാം നന്നായി സംരക്ഷിക്കണം.

^^^^^^^^^^^^^^

ബൈറ്റ്സ്



Nimmy Chacko

കവിത

# ദിനാരംഭം





നന്ദന രാധാകൃഷ്ണൻ
8A

ഇന്ന് എൻ ദിനം കുറിച്ചു ഞാൻ
കണി കണ്ടുണർന്നു ഞാൻ
എൻ ദിനം സഫലം ആകുവാൻ
വയലിൽ ഇറങ്ങി എൻ കർത്തവ്യം ചെയ്യാൻ
സന്തുഷ്ടനായി അങ്ങനെ ഞാൻ ( ഇന്ന് എൻ ദിനാരംഭം)

നൂറുമേനി ലഭിക്കുവാൻ ഞാൻ കുറിച്ചു ഈ രാവിൽ
എൻ മനം തുടിക്കുന്നു ഈ സുപ്രഭാതത്തിൽ
നീലരാവിൽ നിന്നുയരുന്ന ചന്ദ്ര ബിംബത്തെ പോലെ
കടലലകൾ മാടിവിളിക്കുന്ന അസ്തമയ സൂര്യനെ പോലെ
(ഇന്ന് എൻ ദിനാരംഭം)

പ്രതിഫലം കിട്ടി എനിക്ക് വരുംനാളുകളിൽ
എന്നാൽ എൻറെ മനസ്സിൽ ഒരാനന്ദം മഴ തൂകി
വയലേലകൾ കടന്ന് ഒരു ഖജനാവിൽ എത്തിയ പോൾ
ഒരു ആനന്ദചാറ്റൽ പോലെ മഴ എന്നിൽ പൊടിച്ചു. (ഇന്ന് എൻ ദിനാരംഭം)

# ബൈറ്റ്സ്

നൂറുമേനി പ്രതീക്ഷിച്ച് ഞാൻ ഇരിപ്പ
കാറ്റുകൾ കൈകളിൽ എത്തിയ പൂമണത്തോടെ
കാത്തിരിപ്പൂ ഞാൻ ഈ വയലേ ലയിൽ
ഒരു മാടപ്രാവിനെ പോലെ (ഇന്ന് എൻ)

അരിമണികൾ കൊത്തി പെറുക്കുവാൻ
ആത്യം ഭക്ഷിച്ച് കൂടണയും വാൻ
അസ്തമയ സൂര്യനെ വെടി യുവാൻ
മരക്കൊമ്പുകളിൽ ചേക്കേറുവാൻ. ( ഇന്ന് എൻ ദിനാരംഭം)

കാത്തിരിപ്പൂ ഈ നൂറുമേനിയെ
കാത്തിരിപ്പൂ എൻ അധ്വാനം ഫലത്തിന്
കാത്തിരിപ്പൂ ഈ കൊയ്ത്തു കാലത്തിന്
കാത്തിരിപ്പ് എൻ നൂറുമേനി യെ..
(ഇന്ന്എൻദിനാരംഭം)

%%%%%%%%%%%%%%

## ബൈറ്റ്സ്



ബൈറ്റ്സ്

കഥ




# സൗഹൃദം



ടീന മോനിച്ചൻ 9c

ഒരിക്കലും പിരിയാത്ത കൂട്ടുകെട്ട് അതായിരുന്നു ശ്യാം പ്രിയ കൂട്ടുകെട്ട്. ഒരുമിച്ച് കളിച്ചു ചിരിച്ചു സന്തോഷങ്ങളും സങ്കടങ്ങളും പങ്കിട്ടു അവർആ നാട്ടിൽ തന്നെ എല്ലാവർക്കും പ്രിയപ്പെട്ടവരായിരുന്നു . വീട്ടുകാർക്ക് അവരുടെ കൂട്ടുകെട്ട് ഇഷ്ടമല്ലായിരുന്നു അവർ എപ്പോഴും വഴക്കാണ്.ഈ കൊല്ലം രണ്ടുപേരും പത്തിലാണ് പത്താം ക്ലാസ് എന്നത് സ്കൂൾ ജീവിതത്തിലെ അവസാന ക്ലാസ് ആണ് ഇപ്രാവശ്യം പ്രിയയും ശ്യാമും പത്താംക്ലാസിൽ ഒന്നിച്ചാണ് ഇരുവർക്കും ഒത്തിരി സന്തോഷമായി. ക്ലാസിൽ ഇരുവരും ഒന്നാമതായിരുന്നു. അങ്ങനെയിരിക്കെ ശ്യാമിന്റെ അച്ഛന് മാരകമായ അസുഖം പിടിപെട്ടു അങ്ങനെ അയാൾ കിടപ്പിലായി വൈകാതെ അദ്ദേഹം മരണപ്പെട്ടു . ശ്യാമിന്റെ അമ്മയ്ക്ക് ആണെങ്കിൽ തളർച്ച പിടിവിട്ട് ഊന്നു വടിയുടെ സഹായമില്ലാതെ നടക്കാൻ കഴിയില്ല അവന്റെ അച്ഛന്റെ വരുമാനം കൊണ്ടായിരുന്നു അമ്മയ്ക്ക് മരുന്നും മറ്റ് പലവ്യഞ്ജനങ്ങളും വാങ്ങിയിരുന്നത്. മുടങ്ങി. അവനും അമ്മയും ആ വീട്ടിൽ ഒറ്റക്കായി. പട്ടിണി കിടക്കാതിരിക്കണമെങ്കിൽ ശ്യാമിന് വല്ല പണിക്കും പോയേ മതിയാകു.ബന്ധുക്കൾ എന്ന് പറയാൻ ആരുമില്ല.ശ്യാമിന്റെ പഠിപ്പ് പല ദിവസങ്ങളിലും മുടങ്ങി. അവൻ ഒരുഹോട്ടലിൽ ജോലിചെയ്യാൻ തുടങ്ങി.

## ബൈറ്റ്സ്

അവന്റെ കൂട്ടുകാരി പ്രിയ അവനോട് ക്ലാസ്സിൽ വരാത്തതെന്താണ് എന്ന് ചോദിച്ചു. അവളുടെ ചോദ്യത്തിൽ നിന്നും ഒഴിഞ്ഞു മാറാൻ ശ്രമിച്ചെങ്കിലും അവസാനം കാര്യം എന്താണെന്ന് അവൾ അറിഞ്ഞു. അവൾക്ക് സങ്കടമായി വീട്ടിൽ ആവശ്യത്തിന് സമ്പത്ത് ഉണ്ട് അതുകൊണ്ട് അവൾ തന്റെ കയ്യിൽ കിടന്നിരുന്ന ഒരു സ്വർണ്ണ വള ഊരി അവന് കൊടുത്തു അവനത് വാങ്ങിച്ചില്ല. അവസാനം അവളുടെ നിർബന്ധത്തിനു വഴങ്ങി അവൻ അത് വാങ്ങിച്ചു അന്ന് വീട്ടിൽ ചെന്നപ്പോൾ പ്രിയയുടെ അമ്മ അവളുടെ വള കൈയിൽ കാണാഞ്ഞപ്പോൾ കാര്യം തിരക്കി അവൾ അത് കള്ളം പറഞ്ഞു അന്നവൾക്ക് ഒത്തിരി അടിയും വഴക്കും കിട്ടി. കാലങ്ങൾ കടന്നുപോയി പ്രിയ ശ്യാമും വേറെ വേറേ സ്ഥലങ്ങളിലേക്ക് താമസം മാറി പോയി എങ്കിലും അവരുടെ സൗഹൃദബന്ധം നിലച്ചില്ല. ഇടയ്ക്കിടയ്ക്ക് അവർ ഫോൺ വിളിച്ചിരുന്നു അവന് ഇന്ത്യൻ കരസേനയിൽ ജോലി ലഭിച്ചു പ്രിയ ഒരു സ്കൂളിൽ ടീച്ചർ ആയി. നാട്ടിൽ അവധിക്ക് വന്ന ശ്യാം പ്രിയയേ അവിചാരിതമായി കണ്ടുമുട്ടി അവർ തമ്മിൽ പ്രണയത്തിലായി . തന്നെ വിവാഹം ചെയ്യുമോയെന്ന് ശ്യാം പ്രിയയോട് ചോദിച്ചു. പ്രിയയ്ക്ക് അത് എന്തുകൊണ്ടും സമ്മതമായിരുന്നു പക്ഷേ അവരുടെ സാമ്പത്തികസ്ഥിതിയും ജാതിയും വെച്ചുനോക്കിയാൽ പ്രിയ ഉയർന്ന ജാതിയും ശ്യാം താഴ്ന്ന ജാതിയും ആയിരുന്നു. അതുകൊണ്ടുതന്നെ പ്രിയയുടെ വീട്ടുകാർ അതിനെ എതിർത്തു ശ്യാമിന്റെ അവധി തീരാറായി പ്രിയയ്ക്ക് സങ്കടമായി . അടുത്ത തവണവരുമ്പോൾ എല്ലാംശരിയാകും എന്ന് പറഞ്ഞ് തിരിച്ച് അവന്റെ ജോലിസ്ഥലമായ ഇന്ത്യ പാകിസ്ഥാൻ അതിർത്തിയിലേക്ക് പോയി അവിടെ ചെന്ന അവനെ കാത്തിരുന്നത് ഒരു പുതിയ ഉദ്യോഗം ആയിരുന്നു യുദ്ധവിമാനത്തിലെ പൈല റ്റ്ആകാനുള്ള അവസരം. അവൻ സന്തോഷത്തോടെ തന്നെ പുതിയ ഒരു ഉദ്യോഗം ഏറ്റെടുത്തു പ്രിയ ഇടയ്ക്കിടയ്ക്ക് അവനെ വിളിച്ചിരുന്നു .

അങ്ങനെയിരിക്കെ കാശ്മീരിൽ ഭീകരർ നുഴഞ്ഞുകയറുന്നു എന്ന് സന്ദേശം അനുസരിച്ച് യുദ്ധവിമാനത്തിൽ നിന്നും മിസൈലുകൾ ഭീകരക്കുനേരേ ഉതിർക്കാനുള്ള ദൗത്യം അവർക്ക് ലഭിച്ചു. യുദ്ധത്തിന് പുറപ്പെടുന്നതിനു മുമ്പ് അവൻ പ്രിയയെ വിളിച്ചു താൻ യുദ്ധത്തിന് പോകുകയാണെന്ന് അവളെ അറിയിച്ചില്ല. ഇനി വിളിക്കരുത് തിരക്കാണ് എന്നും മറ്റും ഒഴിവുകൾ പറഞ്ഞ് അവൻ ഫോൺ കട്ട് ചെയ്തു.

യുദ്ധത്തിനിടയിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ അവന്റെ യുദ്ധവിമാനം തകർന്നു

ബൈറ്റ്സ്

വീണു. ഏറെ ദിവസത്തെ തിരച്ചിലിനൊടുവിൽ അവന്റെ ശവശരീരം കണ്ടെടുത്തു. പിറ്റെദിവസം പത്രത്തിൽ ശ്യാം മരിച്ചെന്ന വാർത്ത വന്നു പ്രിയ ഇതറിയാതിരിക്കാൻ വേണ്ടി അവളുടെ മാതാപിതാക്കൾ പത്രം ഒളിപ്പിച്ചുവെച്ചു എങ്കിലും മറ്റു സുഹൃത്തുക്കൾ വഴി അവൾ വാർത്ത അറിഞ്ഞു ബോധരഹിതയായി നിലത്തുവീണു. വിരഹ വേദനയിൽ അവൾ വീടുവിട്ടിറങ്ങി അവസാനം അവൾ ചെന്നത് ശ്യാമിനെ വീട്ടിലേക്കായിരുന്നു ഇനി താൻ എങ്ങോട്ടും പോകില്ലെന്നും ഈ വീട്ടിൽ ശ്യാമിന്റെ അമ്മയോടൊപ്പം ഇനിയുള്ള കാലം ജീവിക്കുമെന്നും അവൾ തന്റെ വീട്ടുകാരോട് അവൾ പറഞ്ഞു ശ്യാമിപ്പോഴും മരിച്ചിട്ടില്ല ഈ വീട്ടിൽ അവൻ ഉണ്ട് എന്ന് അവൾ വിശ്വസിച്ചു പയ്യെ വീശുന്ന കാറ്റിൽ തന്റെ സങ്കടങ്ങളും ചേർത്തു പിടിച്ച് അവൾ മയങ്ങി .

$$$$$$$$$$$$$$



കഥ

# സ്വർഗ്ഗം



മൈഥിലി . എസ് . പിള്ള

8c

എന്റെ ഒറ്റമകൻ ദേവരാജ് എന്നായിരുന്നു അവന്റെ പേര് എങ്കിലും ഞാനവനെ രാജു എന്ന് വിളിച്ചു കുട്ടിക്കാലത്ത് എനിക്ക് പഠിക്കണനമെന്ന് വളരെ ആഗ്രഹം ഉണ്ടായിരുന്നു അതുകൊണ്ട് അവനെ ഞാൻ ഉയർന്ന സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർത്തു അവന്റെ പഠനകാര്യങ്ങളിൽ ഞാൻ ഇടപെട്ടു അവൻ എപ്പോഴും ഒന്നാമനാകാൻ ഞാൻ ആഗ്രഹിച്ചു അവന് ഇഷ്ടമില്ലെങ്കിലും നീന്തൽ പാട്ട് നൃത്ത തുടങ്ങിയ നിരവധി മേഖലകളിൽ അവനെ പഠിക്കാൻ അയച്ചു പഠനത്തിന് ജില്ലയിലെ പ്രശസ്ത ട്യൂഷൻ സെന്ററിൽ കൊണ്ടാക്കി . അവന് ഒന്നാംസ്ഥാനം കിട്ടാതെ വരുമ്പോൾ അവനേക്കാളും എനിക്ക് വിഷമവും ദേഷ്യവും വരും അവനെ ശിക്ഷിക്കുകയും

## ബൈറ്റ്സ്

ചെയ്യും എന്തുകൊണ്ടോ അവന്റെ കണ്ണിൽ നിന്നും കണ്ണീർ വരുന്നത് ശ്രദ്ധിച്ചിട്ടില്ല പരീക്ഷകളിൽ അവനൊരു വിഷയത്തിനും ഒരു മാർക്ക് പോലും നഷ്ടപ്പെടരുത് എന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു എന്റെ ഇഷ്ടം ആണ് അവന്റെ ഇഷ്ടം എന്ന് ഞാൻ അറിയാതെ കരുതിപ്പോയി. ടിവി കണ്ടുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് പഠനത്തിനും മികവ് ഉണ്ടാവുകയില്ല അതിനാല് എന്റെ വീട്ടിലെ ടിവി ഞാൻ വിറ്റു. 5-ാം ക്ലാസിൽ എത്തിയപ്പോൾ അവന്റെ ദിവസേനയുള്ള ടൈംടേബിള് ഞാൻ ക്രമപ്പെടുത്തി 5 മണിക്കൂർ ഉറക്കം 15 മണിക്കൂർ പഠനം ബാക്കി നാല് മണിക്കൂർ മറ്റ് കാര്യങ്ങൾക്ക് ഇതായിരിക്കണം. എല്ലാ മത്സരങ്ങള്ക്കും അവനെ അയച്ചു. എല്ലാത്തിനും ഒന്നാംസ്ഥാനം കിട്ടാതെ വരുമ്പോൾ അതിനു മറുപടി ഞാൻ ചൂരൽ കൊണ്ട് പറഞ്ഞു. ക്രമേണ അവൻ എന്നോടേ അകലാൻ തുടങ്ങി. അവന് പഠിക്കാൻ കൂടുതൽ കാണും എന്ന് ഞാൻ വിചാരിച്ചു. ചീത്ത കൂട്ടുകെട്ടിലകപ്പെട്ട അവനെ അമ്മ തല്ലാൻ തുടങ്ങി . എന്റെ മകൻ രാജു എവിടെയ്ക്കോ ഓടി പോയി പ്രിയ കൂട്ടുകാരേ ഇനി ഈ നരകത്തിക്കിടന്ന് എനിക്ക് അനുഭവിക്കാൻ വയ്യ ദൈവത്തിന്റെ അടുത്ത് ഞാൻ സുഖമായി ഉറങ്ങുന്നു. എപ്പോൾ വേണമെങ്കിലും നിങ്ങൾക്ക് അവിടെ വരാം പക്ഷേ നിങ്ങൾക്ക് എല്ലാം ക്ഷമിക്കാനുള്ള മനസ്സ് വേണം . ഞാൻ എല്ലാം ക്ഷമിച്ച് ആണ് ജീവിച്ചത് .

@@@@@@@@@@@@@@

ബൈറ്റ്സ്

പ്രസംഗം

# ഗാന്ധിയൻ ആദർശങ്ങളുടെ സമകാലിക പ്രസക്തി






ആഷ് ലി 9 B

സോഷ്യൽ സയൻസ് മേളയിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനം നേടിയ പ്രസംഗം ആണ് ഇത്

ഇങ്ങനെ ഒരു മനുഷ്യൻ ഈ ഭൂമുഖത്ത് ജീവിച്ചിരുന്നു എന്ന് വിശ്വസിക്കാൻ വരും തലമുറ മടിക്കും ആൽബർട്ട് ഐൻസ്റ്റീൻ ആരെ പറ്റിയ പറഞ്ഞത് ആ മനുഷ്യൻ ഭൂമുഖത്ത് ജനിച്ചിട്ട് 150 വർഷം തികഞ്ഞിരിക്കുന്ന സ്വാതന്ത്ര്യത്തിന് ആറ് സംവത്സരങ്ങൾ കടന്നു പോകുമ്പോഴേക്കും ഇന്ത്യക്കാരൻ അവിശ്വസനീയമായ ഒരു യാഥാർഥ്യമായി ഗാന്ധിജി മാറിക്കഴിഞ്ഞിരുന്നു ലക്ഷ്യവും മാർഗവും ഒരേപോലെ വിശുദ്ധം ആയിരിക്കണം എന്ന് നിർബന്ധം പിടിച്ച് മഹാത്മാവ് ധാർമികമായി പിന്നോക്കം പോയത് രാഷ്ട്രീയത്തെ നോക്കി വിലപിക്കുക ആകാം

ആത്മീയ ശക്തിയെന്ന് ലോകം വിലയിരുത്തിയ സത്യാഗ്രഹവും അഹിംസയും ഒക്കെ ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യത്വ ശക്തികൾക്കെതിരെ പ്രയോഗിച്ച ഗാന്ധിജിയുടെ രാജ്യത്ത് അവ വില ഇല്ലാത്ത വാക്കുകൾ ആയി അവശേഷിക്കുന്ന വർഗീയ കലാപങ്ങളിൽ സർക്കാരും

## ബൈറ്റ്സ്

പങ്കാളിയാകുന്ന കാഴ്ച ഗുജറാത്തിലൂടെ നാം നോക്കി കണ്ടു ഗാന്ധിജിയുടെ സ്വപ്നങ്ങളുടെ സ്മശാനം ആയി ഭാരത മാറി കഴിഞ്ഞു.

മതത്തിൻറെ പേരിലാണ് ആധുനിക ഇന്ത്യയുടെ പോരാട്ടങ്ങളിൽ അധികവും ജനങ്ങൾപരസ്പരം പോരടിക്കുന്ന ആർക്കും ആരെയും വിശ്വാസമില്ല കാർഷിക രാജ്യമായിരുന്ന ഇന്ത്യയിൽ ദിവസവും ശരാശരി 10 കർഷകരെ എങ്കിലും ആത്മഹത്യ ചെയ്യും ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ ആണെന്ന് പറഞ്ഞ് ഗാന്ധിജിയുടെ ചിത്രം പതിപ്പിച്ച എയർകണ്ടീഷൻ മുറിയിലിരുന്ന് പ്രസ്താവനയിൽ ഇരിക്കുന്ന വരും വിദേശ രാജ്യങ്ങളിൽ പഠന പര്യടനങ്ങൾ നടത്തുന്നവരും ഇന്ത്യയിലെ ഗ്രാമങ്ങളിലേക്ക് ഒരിക്കലും പോകുന്നില്ല

തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നു ഇത് വെറും 10 ശതമാനം മാത്രമാണ് എന്നാണ് ഔദ്യോഗിക ഭാഷ്യം എങ്കിലും യാഥാർത്ഥ്യം അതല്ല സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും രാജ്യം പിൻവലിക്കുകയാണ് ആഗോള വൽക്കരണം പുത്തൻ സാധ്യതകളും പറഞ്ഞ് അവ ഉപയോഗിച്ച് ജീവിതം ആസ്വദിക്കുന്നവർ 25 കോടി ആളുകളാണ് എന്നാൽ ഇവരുടെ നാലിരട്ടി ആളുകളും വിധിയെ പഴിച്ച് ജീവിക്കുന്നു എന്ന് യാഥാർത്ഥ്യം മറന്നു കളയാൻ സാധിക്കുകയില് ഇവിടെയാണ് ഗാന്ധിയൻ ആദർശങ്ങളുടെ സമകാലിക പ്രസക്തി നാം തിരിച്ചറിയേണ്ടത്

പ്രിയമുള്ളവരെ

ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനും എല്ലാം കൈകോർത്തു മുന്നേറുന്ന വിശന്നു മരിക്കുന്ന ഒരു കുഞ്ഞില്ലാത്ത കർഷകൻ ആത്മഹത്യ ചെയ്യാത്ത ഇന്ത്യ ആണ് നമുക്ക് വേണ്ടത് അതിനായി നമ്മുടെ സങ്കൽപങ്ങളിൽ ചർച്ചകളിലേക്കും പ്രവർത്തികൾ ഇലേക്ക് ഗാന്ധിജിയെ കൊണ്ടുവരാം അക്രമവും യുദ്ധവും അരങ്ങുവാഴുന്ന ലോകത്തിനു മുൻപിൽ മാതൃകയാകാൻ ഗാന്ധിജിയുടെ സ്വന്തം ഇന്ത്യയ്ക്ക് കഴിയട്ടെ.

#############

ഉപന്യാസം

# ഇന്നിൻ ഭാഷയും സംസ്കാരവും






അക്സാ തോമസ് **10 A**

സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം നേടിയ ഉപന്യാസം

ആധുനിക യുഗം വളർച്ചയുടെ പടിവാതിൽക്കൽ എത്തിയിരുന്നു. കല്ലുവച്ച തീ ഉണ്ടാക്കി ഗവേഷണ പഠന ഗവേഷണങ്ങൾക്ക് ആരംഭം കുറിച്ച് മനുഷ്യന് പ്രകൃതിയുടെ നിയന്ത്രണം പോലും കൈപ്പിടിയിലൊതുക്കാൻ പ്രാപ്തൻ ആയിരിക്കുന്നു സൂര്യൻ അപ്പുറത്തേക്ക് വരെ മഹാവിസ്ഫോടനം സൃഷ്ടിക്കാൻ ഉതകുന്നത് സാങ്കേതികവിദ്യകൾ

ആധുനിക ലോകത്തിൻറെ നിർവചനം ആയ ഈ ഉന്നതിക്ക് ഒപ്പം വിസ്മരിക്കപ്പെടുന്ന ആവാത്തതാണ് ഭാഷയും സംസ്കാരവും. ജനനം മുതൽ മരണം വരെ സാമൂഹ്യമായ ആശയവിനിമയത്തിനുള്ള ഒരു മനുഷ്യൻറെ മാധ്യമമാണ് ഭാഷ. അമ്മ ഉദരത്തിൽ ആയിരിക്കുമ്പോൾ മുതൽ അവനെ ഭാഷ അവൻ പഠിക്കുന്നു. ചുവട് മുന്നോട്ട് വെക്കുമ്പോഴും അവൻ പിഞ്ച് ലത അവൻറെ ഭാഷയാണ്. അവൻ സംസ്കാരം പോലും ഭാഷയിൽ നിന്നാണ്'.

അമ്മിഞ്ഞപ്പാലിൻ ഒപ്പം നുകർന്നു കിട്ടുന്ന ഭാഷ

## ബൈറ്റ്സ്

മുഴുവൻ സംസ്കാരത്തിന് അടിത്തറയാണ്. കാര്യങ്ങൾ ശരിയായ ക്രമമായ ഒരു ഭാഷയിലായിരുന്നു. പിന്നീട് ഭാഷയ്ക്കുവേണ്ടി ഒത്തിരി ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടു. ഭാഷ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനം രൂപപ്പെട്ടു ചരിത്രത്തിൽ ഏടുകളിൽ നാം കാണുന്നു. ഈ രൂപീകരണം ഒരു സംസ്കാരത്തിന് തന്നെ വഴിതെളിച്ചു. മുഖാന്തരം കളിലും താമസിച്ചിരുന്നവർ ഉപയോഗിച്ചിരുന്നത് കാടിൻറെ ഭാഷയാണ്. പ്രദേശങ്ങളിലുള്ളവർ ഗ്രാമ ഭാഷ...... അങ്ങനെ പല പല ഭാഷകൾ. ജന്മഭൂമിയും അവരെ സംസ്കാരത്തിൻറെ നിസാരമായ സാഗരത്തിലെ എത്തിച്ചത് ഭാഷയിലൂടെ ആയിരുന്നു. ഈജിപ്ഷ്യൻ സംസ്കാരവും സിന്ധു നദീതട സംസ്കാരവും എന്തിനേറെ നമ്മുടെ സംസ്കാരം തന്നെ രൂപപ്പെട്ടത് ഭാഷ അടിസ്ഥാനത്തിൽ ആണ്. ജീവിതത്തിലെ നമ്മുടെ ആദ്യ അറിവും സംസ്കാരങ്ങളിൽ ഉള്ള കുറുക്കുവഴി ആണ് ഭാഷ.

ആധുനിക യുഗം വേഗത്തിൻറെ കാലഘട്ടമാണ്. വളർച്ചയുടെ കാലഘട്ടമാണ്. സ്വന്തം കാര്യം നേടാനും പിടിക്കാനുള്ള തത്രപ്പാടിലാണ് മനുഷ്യൻ. വളർച്ചയുടെ പടവിൽ ആണ് നമ്മൾ എങ്കിലും നമ്മുടെ ഭാഷ നാം ബഹിഷ്കരിക്കുന്നു. സ്വയം നാം ഭാഷ സാംശീകരണം. എങ്കിലേ ശരിയായ സംസ്കാരം രൂപപ്പെടുകയും ഉള്ളൂ.

കേരളീയരായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ഭാഷ മലയാളമാണ്. മലയാളി എന്നും നാം അറിയപ്പെടുന്നു. മലയാളഭാഷയുടെ മൂർത്തീഭാവമാണ് നാം കാണുന്നത് നമ്മുടെ സാഹിത്യത്തെ ആണ്. എഴുത്തച്ഛനും ഉള്ളൂരും കുമാരനാശാനും ഒക്കെ തങ്ങളുടെ ഭാഷയുടെ ഓരോ സംസ്കാരവും രൂപപ്പെടുത്തി. ഇന്ന് മലയാളികൾ തങ്ങളുടെ ഭാഷ അപമാനമായി കാണുന്നു. ഇംഗ്ലീഷ് ഭാഷയോടുള്ള മലയാള സ്നേഹം വർദ്ധിക്കുന്നു. മലയാളമണ്ണിൽ സംസ്കാരം ചീട്ടുകൊട്ടാരംപോലെ തകരുകയാണ് .

ഓരോ ദിവസത്തിനും ഓരോ ഭാഷയുണ്ട്. കേരളത്തിലെ ഭാഷ മലയാളം വേണമെങ്കിൽ ഗുജറാത്തിലേത് ഗുജറാത്തി ആണ് ബംഗാളി ബംഗാളി

## ബൈറ്റ്സ്

ആണ് തമിഴ്നാട് തമിഴ് ആണ്. വൈവിധ്യമാർന്ന ഭാഷകൾ. ഭാഷയിൽ വൈവിധ്യം ഉണ്ടെങ്കിലും എല്ലാവരും അനുരൂപ രാ ണ്. നാനാത്വത്തിൽ ഏകത്വം എന്നതാണ് നമ്മുടെ ആദർശം.

സമകാലിക പ്രശസ്തി ആറിന് ഒരു വിഷയമാണ് ഭാഷയും സംസ്കാരവും. ഇന്ന് ഓരോരുത്തരും താങ്കളുടെ ഭാഷ സംസ്കാരത്തിന് വിള്ളൽ വീഴ്ത്താൻ ഉപയോഗിക്കുന്നു. രാഷ്ട്രീയ വേദികളിലും വർഗീയലഹളകൾ ഇലും ഒക്കെ സംസ്കാര ശൂന്യത യ്ക്ക് വഴിതെറ്റിക്കുകയാണ് നമ്മുടെ ഭാഷ. മറ്റുള്ളവരെ കുടിക്കാനും അന്യനെ ദ്രോഹിക്കാനും ഓരോ ജനതയുടെ സംസ്കാരം കളങ്കപ്പെടുത്താൻ നമ്മൾ എന്ന ഭാഷ ഉപയോഗിക്കുകയാണ്. ശ്രീബുദ്ധനും ശ്രീനാരായണഗുരുവും ഗാന്ധിജിയും ഒക്കെ പകർന്നുതന്ന നമ്മുടെ ഭാഷ ഇവിടെ അപ്രസക്തമാവുന്നു. നാഗരികതയുടെയും വ്യവസായവൽക്കരണത്തിന് യും അതോടെ ഭാഷയും സംസ്കാരവും മാറ്റിനിർത്തപ്പെട്ട. സമൂഹത്തിന് സംസ്കാര ശൂന്യതയിലേക്ക് വഴിതെളിക്കുന്നു.

കോടതി മുറികളിൽ നിരപരാധിയെ ശിക്ഷിക്കാൻ മുറവിളി കൂട്ടുമ്പോഴും അനീതിക്കെതിരെ ശബ്ദമുയർത്താൻ മറന്നു പോകുമ്പോഴും അക്രമങ്ങൾ സമൂഹത്തിൽ നടമാടും പോലും നാം വിസ്മരിക്കുന്നത് നമ്മുടെ ഭാഷയും സംസ്കാരവുമാണ്. പഴമയുടെ സംസ്കാര ഇന്ന് ചോദ്യം ചെയ്യപ്പെടുന്ന നിരക്ഷരരും ഭാഷയിൽ ശരിയായ അറിവില്ലാത്തവരും ഇന്ന് വർദ്ധിച്ചുവരികയാണ്.

വളർച്ചയുടെ ഏറ്റവും ഉച്ചസ്ഥായി ആണെങ്കിലും നമ്മൾ സംസ്കാരത്തിൻറെ വളർച്ചയിൽ പിന്നിലാണ്. നിങ്ങൾക്ക് എതിരെ ഉള്ള അക്രമങ്ങളും ബാല പീഡനങ്ങളും അഴിമതിയും ഒക്കെ നടൻപാട് സമൂഹത്തിൽ ശരിയായ സംസ്കാരം ഉണ്ടെന്ന് എങ്ങനെ പറയും. കട്ട മുതല് ചുടല വരെയുള്ള കാലഘട്ടത്തിൽ ഒരു വൻ സാംശീകരിക്കുക അറിവിൻറെ നന്മയുടെ ആണ് അവരുടെ സംസ്കാരം. പാരമ്പര്യത്തിൽ നിന്നോ മാതാപിതാക്കളെ നിന്നോ അവൻ സ്വാംശീകരിച്ച് ആവാം അവൻറെ സംസ്കാരം. പരസ്യങ്ങളുടെ ഫലമായി അതിക്രമങ്ങൾ വർദ്ധിച്ച വരുന്നു. നരി ആവുകയും നരി ഇരയാവുകയും ചെയ്യുന്നു. ഭാഷയും സംസ്കാരവും ഓരോരുത്തരും

മറന്നുപോകുന്നു.

ക്രിസ്തുവിൻറെ പരിത്യാഗശീലവും ബുദ്ധൻറെ വേദങ്ങളും ഗാന്ധിജിയുടെ അഹിംസയും ആദർശമായി സ്വീകരിച്ച നമ്മൾ അവരുടെ ഭാഷ കൂടെ അനുകരിക്കണം. അവരുടെ സംസ്കാരം ഭാഷാവൈവിധ്യം ആണെങ്കിലും അവർ മുന്നോട്ടുവെച്ച ആദർശങ്ങൾ അവരെ വീര പുരുഷന്മാർ ആക്കി. നന്മയുടെ ഭാഷയാണ് അവർ പഠിപ്പിച്ചത്. നിശബ്ദ വസന്തങ്ങൾ ആയി അവർ മാറുകയായിരുന്നു. കരുണയും പരോപകാര വും ജീവിതമൂല്യങ്ങളും ഒക്കെ ആയിരുന്നു അവരുടെ ഭാഷ. അവർ തങ്ങളുടെ ഈ ഭാഷ യോടനുബന്ധിച്ച് സൃഷ്ടിച്ച സംസ്കാരവും ഒന്നായിരുന്നു.

ആധുനികലോകത്ത് ഭാഷയും സംസ്കാരവും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. വളർച്ചയുടെ അനന്തവിശാലമായ സാധ്യതകൾ തേടുന്ന ലോകം അതനുസരിച്ച് സംസ്കാരം ശരിയായ രൂപപ്പെടുത്തുന്ന ഇല്ല. തെറ്റ് ചെയ്യുന്നവരെ ശിക്ഷിക്കാൻ ഓ അക്രമവാസന നിർത്താൻ . ഉയരുകയാണ് ആധുനിക യുഗം. പലരും ഇന്ന് വിസ്മരിക്കുക വിസ്മരിക്കപ്പെടുന്നു. അതൊരു ചോദ്യചിഹ്നം ആയിരുന്നു.

ഭാഷയും സംസ്കാരവും ഒരു നാണയത്തിന് ഇരുപുറങ്ങൾ ആണെന്ന് പറയാം. ശരിയായ ഭാഷ ശരിയായ സംസ്കാരവും മൂല്യങ്ങളും പ്രതിഫലിക്കുന്ന ദർപ്പണമാണ് മുഖം മനസ്സിൻറെ കണ്ണാടിയാണ് എന്ന് പറയുന്നതുപോലെ ഭാഷ സംസ്കാരത്തിൻറെ കണ്ണാടിയാണെന്ന് പറയാം. തൊഴിൽ മേഖലയിലും വിദ്യാഭ്യാസമേഖലയിലും വെച്ച് പല ഭാഷകൾ നാം പഠിക്കുന്നു. ഒരു സംസ്ഥാനത്തിന് ആരാണ് അവിടുത്തെ ഓരോരുത്തരും പഠിക്കുന്നത് എങ്കിലും പ്രാവീണ്യം നേടാൻ പലഭാഷകൾ പഠിക്കുന്നവരാണ്. ഭാഷ അറിയാതെ ആശയവിനിമയം സാധ്യമാക്കുന്ന ശരിയായ അറിവ് നേടാൻ സാധിക്കില്ല. ഭാഷ നന്നായി അറിയുന്നതിലൂടെ അറിവുകൾ സ്വാംശീകരിക്കാനും പുത്തൻ മേഖലകൾ നേടാനും സംസ്കാരം രൂപപ്പെടുത്താനും നമുക്ക് സാധിക്കും. വിരലിലെണ്ണാവുന്ന ഭാഷയെ നശിപ്പിക്കുന്ന സംസ്കാരമോ അല്ല നമുക്കുള്ളത്. ആകാശം പോലെയാണ് സംസ്കാരം ചിത്രങ്ങൾ പോലെ ആശയും പല ഭാഷ

ബൈറ്റ്സ്

സംസാരിക്കുന്ന എങ്കിലും അവിടെ ആശയവിനിമയം സാധ്യമാകും. പാർലമെൻറിൽ ഉം യുഎൻ വേദികളിലും ലോകനേതാക്കൾ ഭരണകർത്താക്കൾ സംസാരിക്കുന്നത് ഭാഷ ആണെങ്കിലും അവർ മുന്നോട്ട് വെക്കുന്നത് പല പ്രശ്നങ്ങൾ ആണെങ്കിലും അവർ ലക്ഷ്യം വയ്ക്കുന്നത് സംബന്ധമായ ഒരു സംസ്കാരമാണ്. സമകാലിക ലോകത്ത് മനുഷ്യരുടെ ഇടയിലും സാധ്യമാകണം.

സ്വാർത്ഥതയും പണത്തിനുവേണ്ടി നശിപ്പിക്കുന്നതും ജാതിയുടെ പേരിൽ തമ്മിൽ തല്ലുന്നു. ചാറ്റിങ്ങും കമൻറ് പോസ്റ്റ് ചെയ്തു ഭാഷയെ നാം മറന്നുപോകുന്നു. മാധ്യമങ്ങൾ ജ്ഞറി വിനിയോഗം ചെയ്ത് നാം നമ്മുടെ സംസ്കാരത്തിന് വിള്ളൽ വീഴ്ത്തരുത്. കാലത്തിനൊപ്പം നമുക്ക് വളരാം. നല്ലൊരു ലോകം കെട്ടിപ്പടുക്കാൻ പ്രകാശമുള്ള ഒരു പുതിയ ലോകം പണിയാൻ നമുക്കാണ് ചേരാം കൈകോർക്കാം......

- - - - - - - - - - - - - - -

ലേഖനം

# തകർന്നടിഞ്ഞ സ്വപ്നം



പ്രിയ മാത്യൂസ്
**10 C**



ലോകത്താകമാനം പ്രകൃതിദുരന്തങ്ങൾ മനുഷ്യൻ വലയുന്നു ഇതിനുത്തരവാദി ആരാണ് ഇത് ഇത് അനുഭവിക്കേണ്ടിവരുന്ന മനുഷ്യൻ തന്നെയാണ് ഇതിനുത്തരവാദി എന്നുള്ളതാണ് വാസ്തവം ചുഴലിക്കാറ്റ് പേമാരി ഉരുൾപൊട്ടൽ മണ്ണിടിച്ചിൽ പ്രളയക്കെടുതികൾ എന്നിങ്ങനെയുള്ള പ്രകൃതി മനുഷ്യൻ വേട്ടയാടപ്പെടുന്നനൂറുകണക്കിന് വീടുകളാണ് ഇടിഞ്ഞു തകർന്നു ഓടിച്ചുപോയി ഒരുപാട് പേരുടെ ജീവിതമാണ് പ്രളയം കവർന്നെടുത്തത്

നമ്മെ സംബന്ധിച്ചിടത്തോളം കടന്നുപോയ പ്രളയം പ്രകൃതി ദുരന്ത ത്തിൻറെ മറ്റൊരു മുഖമാണ് കൊല്ലവർഷം 9 9 വെള്ളപ്പൊക്കം എന്ന് കേട്ടിട്ടുണ്ടോ പമ്പാനദിയിലൂടെ ആനയുടെ ജഡം ഒഴുകി വന്നതും വൻദുരന്തം ഉണ്ടായിരുന്നു നാട് കൊടും പട്ടിണിയിൽ ആയത് ആറന്മുള കാരി ഏതൊരു വല്യമ്മ പറഞ്ഞപ്പോൾ വെറും കെട്ടുകഥകളായി തോന്നിയ നമുക്ക് 2018 ലെ മഴക്കാലം

## ബൈറ്റ്സ്

എന്തെന്ന് കാണിച്ചു തന്നു ഇനിയൊരു പ്രളയം ഉണ്ടാവില്ല മലയാളക്കരയിൽ എന്ന് കരുതി ഇരിക്കാതെ വീണ്ടും ഒരു പ്രണയത്തിനു കൂടി നാം സാക്ഷികളായി മഹാപ്രളയത്തിൽ നിന്നും നമ്പർ അതിൻറെ സുഖമുള്ള മഴ ഓർമ്മകൾ മനസ്സിൽ സൂക്ഷിക്കുന്ന മലയാളി കണ്ടത് മഴയുടെ വെറുതെ വന്നു അങ്ങ് തിരിച്ചു പോകും എന്ന് മഴ കേരളത്തിൻറെ നട്ടെല്ല് തകർത്തു ഇടുക്കി അണക്കെട്ട് തുറക്കുന്ന ചരിത്ര നിമിഷത്തിന് നമ്മുടെ ആകാംക്ഷകൾ നിമിഷങ്ങൾകൊണ്ട് ആശങ്കകൾ ആയി മാറി രാജ്യം എഴുപത്തിരണ്ടാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോൾ ആശങ്കയുടെ കരിനിഴൽ വീണിരുന്ന കേരളത്തിൻറെ ആകാശത്ത് ഉരുൾപൊട്ടൽ ലൂടെ മണ്ണിടിഞ്ഞുവീണ് എത്രയെത്ര ജീവിതങ്ങളാണ് പാതിവഴിയിൽ പൊലിഞ്ഞത്

ഈ പ്രകൃതി ദുരന്തങ്ങൾ മനുഷ്യ നിർമ്മിതം ആയിരുന്നു ഉയർന്ന അളവിൽ മഴപെയ്ത്ത് താണ് ദുരന്തകാരണം എന്ന് കേന്ദ്ര ജല കമ്മീഷൻ നിഗമനത്തിലെത്തി മറന്നു ചിന്തിച്ചുനോക്കു യഥാർത്ഥത്തിൽ ഇത് മനുഷ്യ നിർമ്മിതം തന്നെ ആയിരുന്നില്ലേ

മനുഷ്യന്റെ പ്രകൃതിയോടുള്ള ചൂഷണവും അതിരുകടന്ന് ഇരിക്കുകയാണ് സ്വാർത്ഥ ലാഭത്തിനു വേണ്ടി പ്രകൃതിയെ നാം വേദനിക്കുകയാണ് പ്രകൃതിയെ അമ്മാനമാടാൻ ശാസ്ത്രം വളർന്നു തന്നെ മനുഷ്യൻ അഹങ്കരിച്ചു പ്രകൃതിയെ തന്നെ ചൊൽപ്പടിയിൽ നിർത്താം എന്ന് അവൻ വ്യാമോഹിച്ചു പക്ഷേ പ്രകൃതിയും പ്രപഞ്ചവും അതിനെതിരെ ശക്തമായി പോരാടി ഭൂമി എന്ന കവിതയും ഒരു ചരമഗീതം എന്ന കവിത ഓ എൻ വി കുറുപ്പ് അൽപകാലം വ്യത്യാസങ്ങളും എഴുതേണ്ടി വന്നു ഇത്രയ്ക്ക് നിർദ്ധനനായ മനുഷ്യനോട് പ്രകൃതിക്ക് ഇങ്ങനെ പെരുമാറാൻ കഴിയു ഒരു കൈകൊണ്ട് തലോടുകയും കൈകൊണ്ട് തല്ലുകയും ചെയ്യുന്നവൾ ആണ് പ്രകൃതി എന്ന് തിരിച്ചറിയാൻ മനുഷ്യനെ കഴിയാതെ പോയി

## ബൈററ്സ്

മനുഷ്യനെ പ്രകൃതിയോടുള്ള ദുഷ്ട വർദ്ധിച്ച കാടുകൾ വെട്ടിത്തെളിച്ച പാടങ്ങൾ മണ്ണിട്ട് നികത്തി മണിമാളികകൾ ഉയർത്തിയും മാനഭംഗം ചെയ്യുകയാണല്ലോ നമ്മൾ ഒരു മരം ഒരായിരം വരം നീങ്ങിയ ജീവിത സാന്നിധ്യം ഉള്ളതാണ് ഓരോ മരവും ഓരോ സ്വഭാവമുള്ളതാണ് ആദിവാസി ഊരുകൾ വരുംതലമുറയെ ബോധവൽക്കരിക്കാൻ ഉള്ളതാണ്

നമ്മ ഊരിൽ ഒരു മരം വേണം
നമ്മ ഊരിൽ ഒരു മരം വേണം
നമ്മ ഊരിൽ ഒരു മരം വേണം

എന്ന് പാടിയത് പ്രകൃതിയും മനുഷ്യനും ദൈവ ചൈതന്യവും ഒന്നായി തീരുന്നിടത്ത് ജീവിതം സുഖം ഉള്ളതായി കാണുന്നു ഇതാണ് ഭാരതീയദർശനം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം കൃത്യമായി അധർമ പൂരിതം ആകുമ്പോൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർന്നു മനുഷ്യജീവിതം ശിഥിലമാകുന്നു പ്രകൃതി എന്നത് നമ്മുടെ അമ്മയാണ് ആയതിനാൽ തന്നെ അമ്മയെ മുറിപ്പെടുത്താതെ അമ്മയ്ക്ക് സന്തോഷ് ത്തിൻറെ പൂമാല നല്കാൻ നമുക്ക് നൽകാൻകഴിയണം ഒരു20 വർഷം മുൻപുള്ള ഹരിത പൂർണമായ ഒരു അന്തരീക്ഷം ഇന്ന് നഷ്ടമായി ഇരിക്കുകയാണ് മനുഷ്യൻ മാത്രമാണ് ഇതിന് ഉത്തരവാദി

കേരളം ആണെങ്കിൽ ഒരു ദിവസം പുറന്തള്ളുന്നത് 10000 ടൺ മാലിന്യമാണ് ഇതിൽ സംസ്കരിക്കപ്പെട്ട അത് 5000 ടൺ മാത്രം ചിതറിക്കിടക്കുന്നു കാലാവസ്ഥയിൽ വന്ന വ്യത്യാസങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് സ്ഥലം 100 വർഷത്തിനിടയിൽ 4.5 ഡിഗ്രി പെട്ടന്ന് ചൂട് കൂടുമെന്ന്ശാസ്ത്രലോകം ജലമലിനീകരണം ആണെങ്കിൽ അതിലുമപ്പുറം കേരളത്തിലെ 80% കിണറുകളും മലിനമാണ് ഇന്ന് പൂത്തുലഞ്ഞ് കാറ്റിലാടി നിൽക്കുന്ന നെൽക്കതിരുകൾ എണ്ണം കുറഞ്ഞിരിക്കുന്നു വനനശീകരണം തങ്ങളുടെ നാശം പോഷണം വായുമലിനീകരണം എന്നിങ്ങനെ പോകുന്നു മനുഷ്യ ചെയ്തികൾ ആവശ്യമാണ് അത് സ്വന്തം അമ്മയുടെ മാറുപിളർന്ന്

## ബൈറ്റ്സ്

ചില്ലറകൾ സ്ഥാപിക്കരുത്

മനുഷ്യൻ കൂടുതൽ പരിഷ്കാരി ആകും തോറും കാട്ടുകളുടെ എണ്ണം കുറഞ്ഞു വരുന്നു കാട്ടുകൾപലതും ഏട്ടുകൾ ആകുന്നു മേട്ടുകൾ ക്രമേണ മണൽക്കാട്ടുകൾ ആകുന്നു മാലിന്യങ്ങളെ നിയന്ത്രിക്കുന്നതിലും മണ്ണിൻ ഈർപ്പവും വളക്കൂറും നൽകുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും പാട്ടുകൾ വഹിക്കുന്ന പങ്ക് നിർണായകമാണ് വനങ്ങൾ നശിപ്പിക്കുന്നതിന് ഫലമായി മണ്ണൊലിപ്പ് ഉണ്ടാകുന്നു ഉരുൾ പൊട്ടൽ ഉണ്ടാകുന്നു ആയതിനാൽ തന്നെ പ്രകൃതിദുരന്തങ്ങൾക്ക് തടയിടാൻ നമുക്ക് പുണ്യമായി ചെയ്യാൻ സാധിക്കുന്ന കാട്ടുകൾ നശിപ്പിക്കാതിരിക്കുക എന്ന് കുട്ടനാടിനെ കാര്യത്തിലാണെങ്കിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിൽ തണ്ണീർമുക്കം ബണ്ടും തോട്ടപ്പള്ളി പിന്നെയും നിർണായകമായ പങ്കാണ് വഹിക്കുന്നത് കഴിഞ്ഞ പ്രളയത്തിൽ ഇവയുടെ പ്രവർത്തനം നടത്താൻ നമുക്ക് സാധിച്ചില്ല ഇനിയൊരു പ്രണയം ഉണ്ടാക്കുകയാണെങ്കിൽ ശിവനാമം ഫലപ്രദമായി ഉപയോഗിക്കണം

ദുരന്തങ്ങൾക്ക് സഹായിക്കാനെത്തിയ വളങ്ങളും മറ്റും മതിലുകളിൽ ഇടിച്ച തകർന്നു പോയതായി നമ്മൾ വാർത്താമാധ്യമങ്ങളിൽ നിന്നും മനസ്സിലാക്കിയത് ആണല്ലോ സ്നേഹമാകുന്ന മതിലുകൾ മാത്രമായിരുന്നു ആളുകൾക്ക് ചുറ്റും ഇനി അതല്ല ഓരോ വീട്ടുകളിലും കുറ്റൻ മതിലുകളുടെ സാമ്രാജ്യമായി മാറിയിരിക്കുന്നു ഇത് മനുഷ്യർക്കിടയിൽ വഞ്ചനയും എല്ലാം കെട്ടിപ്പിടിക്കണം എൻറെയും ദിനംപ്രതി വളർത്തുന്നു ഇവിടെയാണ് ദുരന്തങ്ങളുടെ ആരംഭം ആയതിനാൽ തന്നെ സ്നേഹത്താൽ വാതിലുകൾ കെട്ടിപ്പടുക്കാൻ നമുക്ക് പരിശ്രമിക്കാം

തോട്ടുകളുടെ യും പുഴകളുടെയും ആഴം കൂട്ടി ജലസംരക്ഷണ ശേഷി വർദ്ധിപ്പിക്കുകയും എസി കനാൽ പൂർണമായി തുറന്നു കൊടുക്കുകയും ചെയ്താൽ പ്രളയത്തിൽ നിന്ന് ഒരു പരിധിവരെ തടയാൻ നമുക്ക് സാധിക്കും എല്ലാത്തിനും ഉപരിയാണ് മനുഷ്യൻ തമ്മിലുള്ള ഐക്യം

## ബൈറ്റ്സ്

ഇനിയൊരു ദുരന്തം താങ്ങാൻ ഉണ്ടാവില്ല നമുക്ക് ആയതിനാൽ ഇനി വരുന്ന തലമുറ മാറിച്ചിന്തിക്കാൻ അതിക്രമിച്ചിരിക്കുന്നു പ്രകൃതി നമ്മുടെ സ്വന്തം അമ്മയാണ് എന്ന് തിരിച്ചറിഞ്ഞു കൊണ്ട് ഒരു പുതിയ കാരണം വാർത്തെടുക്കുവാൻ നമുക്ക് പരിശ്രമിക്കാം ഒരുമിച്ച് കൈകൾ കോർത്ത് പിടിച്ച് പ്രകൃതിയെ തിരികെ കൊണ്ടുവരാൻ നമുക്ക് പരിശ്രമിക്കാം നാം പരിശ്രമിച്ചാൽ ഒത്തുപിടിച്ചാൽ ഈ പ്രകൃതി ദുരന്തങ്ങൾ നിയന്ത്രിക്കാൻ ഒരു പരിധി വരെ സാധിക്കും പ്രകൃതിയുടെ മറഞ്ഞുപോയ ഹരിതഭംഗി കൺനിറയെ സൃഷ്ടിക്കാൻ ഉള്ള ശക്തി നാം തിരിച്ചുപിടിക്കണം ഇനി വളർന്നുവരുന്ന നമ്മളാണ് പ്രകൃതിയുടെ അടുത്ത കാവൽക്കാർ അമ്മയെ നല്ലവണ്ണം നോക്കാൻ നമുക്ക് സാധിക്കണം പ്രകൃതിയെ നാം നന്നായി സംരക്ഷിക്കണം....

================



# മഹേഷിന്റെ ഡയറി



.

അഭിരാമി എസ് 9 D

ജീവിതസാഹചര്യങ്ങളിൽ വേർപാട് ഏറെ സ്വാധീനം എത്തിയതാണ് മഹേഷിൻറെ ജീവിതം തന്റെ ബാല്യത്തിലും കൗമാരത്തിലും പക്വതയും ഒടുവിൽ വാർദ്ധക്യത്തിലും ബാല്യകാലത്തിൽ തൻറെ കളിക്കൂട്ടുകാരിയെ പിരിയേണ്ടി വന്നു ഉന്നതവിദ്യാഭ്യാസത്തിനായി അവൾ ചെന്നൈയിലേക്ക് പോകുന്നു പിന്നീട് കൗമാരത്തിൽ തൻറെ ബാല്യകാലസഖിയെ കാൾ ജീവിതത്തിൽ ഏറെ സ്വാധീനം പുലർത്തിയ അച്ഛ അവൾ അയാൾക്കൊരു ഉന്മാദം ഏകി അവളുടെ വേർപിരിയൽ അവരിൽ ഏറെ സ്വാധീനിച്ചു മഹേഷിനെ ആത്മഹത്യയുടെ വക്കിൽ എത്തിച്ചു കൗമാരത്തിലെ ജീവിതത്തിൽ അത് തീർത്തു പിന്നീട് ഭാര്യയാണ് വിരഹവേദന നൽകിയത് മഹേഷിൻറെ യും തൻറെ ഭാര്യ ദീപ്തി യുടെയും ദാമ്പത്യ ജീവിതം നന്നായി തന്നെ ഇരുവരും നീക്കി മഹേഷിന് ദീപ്തി ഇല്ലാതെ ജീവിക്കാൻ കഴിയില്ല അതുപോലെ ദീപ്തി ക്കും മഹേഷ് ഇല്ലാതെ ജീവിക്കാൻ കഴിയുകയില്ല തൻറെ അച്ചുവിനെ കാൾ എന്താണ് അവൻ പലപ്പോഴും ചിന്തിച്ചു പിന്നീട് അതൊരു തമാശയിൽ അവൻ ഒതുക്കും ഒരിക്കൽ മഹേഷിന് രാജസ്ഥാനിൽ ഒരു ഉദ്യോഗം ലഭിച്ചു ബാങ്ക് ഉദ്യോഗസ്ഥനാണ് മഹേഷ് ദീപ്തിടീച്ചറും തൻറെ ഭാര്യക്ക് ഉദ്യോഗം കളഞ്ഞിട്ടു നാട്ടിൽനിന്ന് രാജസ്ഥാനിലേക്ക് വരാൻ സാധിക്കുകയില്ല രാജസ്ഥാനിലേക്ക്

Little KITEs

## ബൈറ്റ്സ്

പോകാതിരിക്കാനും സാധിക്കുന്നു ഇല്ല  രണ്ടുദിവസം യാത്രചെയ്താണ് മഹേഷ് അവിടെ എത്തുന്നത്  എന്നും അവൻ നാട്ടിലേക്ക്  വിളിക്കും തൻറെ ഭാര്യ തന്നെ ഓർത്ത് എന്നും നനവാർന്ന കണ്ണുകളോടെ  ഇരിക്കുന്നു  മഹേഷ് ഭാര്യയെക്കുറിച്ച് ഓർത്തുഒരിക്കലും  ജോലി ഇൽ തൻറെ റൂംമേറ്റ്  മനുവിനോട് തൻറെ ഭാര്യയെപ്പറ്റി വിരഹ വേദനയോടെ പറയും അവളുടെ കണ്ണുകൾ  അവളുടെ സ്നേഹം അവളുടെ ലാളിത്യം എല്ലാം എല്ലാം തുറന്നുപറയും പ്രമോഷൻ ലഭിച്ചതിനുശേഷം അവിടെത്തന്നെ വിരമിക്കാൻ മഹേഷ്  എൻറെ ഭാര്യയെ ഓർത്തിരിക്കുക നാട്ടിൽ നിന്നും ഒരു ഫോൺ കോൾ വന്നു ആകാംക്ഷയോടെയാണ് അവന് ഫോണെടുത്തത് പക്ഷേ ഫോൺ വിളി അത്ര നല്ല കാര്യമല്ല ആയിരുന്നു പറഞ്ഞത് തൻറെ ഭാര്യ വണ്ടി ഇടിച്ചു  മരണപ്പെട്ടു മഹി വിരഹ വേദനയോടെയാണ് എല്ലാം കേട്ട് നിന്നത് ഒന്നു  കരയാൻ പോലും നിൽക്കാതെ മഹേഷ് ഡയറി എഴുതി തൻറെ ഭാര്യ ഇപ്പോഴും മരിച്ചില്ല എന്നുള്ള പ്രതീക്ഷയോടെ ഡയറി എഴുതുകയാണ് മഹേഷ് അവൻ തന്നെ ജീവിച്ചിരിക്കുന്ന മക്കളെ പറ്റിയോ  മരിച്ചുപോയി എന്ന് വിശ്വസിക്കാതിരിക്കാൻ ശ്രമിക്കുന്ന ഭാര്യയെ പറ്റിയോ ആലോചിക്കാതെ ഒരു വിരഹ കാമുകനെ പോലെ അവൻ ഡയറി എഴുതുന്നു.

` ` ` ` ` ` ` ` ` ` ` ` ` ` ` ` `



# വേദന



ആര്യ സന്തോഷ്
9 A

നമ്മുടെ വീട്ടിൽ സാധാരണയായി നടക്കാനുള്ള ചില സംഭവമാണ് നമ്മളിൽ പല പല വിഷമങ്ങൾ ഉണ്ട് ഒരുമിച്ച് സ്കൂളിൽ പഠിച്ച രണ്ടു കുട്ടികൾ അവരുടെ സൗഹൃദം ബന്ധത്തെക്കുറിച്ചാണ് വിനുവും വിമല വും അമ്മയില്ലാതെ ജീവിക്കുന്ന വിനുവിന്റെ മനസ്സിൽ ഒരായിരം വിഷമങ്ങളുടെ ഒരു കൂടാണ് അവന്റെ മനസ്സിൽ അവനെ അച്ഛനെയും മുത്തശ്ശിയെയും മാത്രമാണ് ഉള്ളത് അവൻ ജനിച്ച് ഒരു വർഷം കഴിഞ്ഞപ്പോഴാണ് അവന്റെ അമ്മ മരിച്ചത് അവൻറെ വളരെ അടുത്ത സുഹൃത്താണ് വിമല എല്ലാവരും അവനെ ഒഴിവാക്ക പെടുത്തു മ്പോഴും തള്ളി പറയുമ്പോഴും അവൻ അവന്റെ അമ്മയെ കുറിച്ച് ഓർക്കും. അവന്റെ അമ്മയെ ഒന്നു കാണാൻ കഴിഞ്ഞിട്ടില്ല അമ്മയുടെ വെറും ഓർമ്മകളുമായ് അവൻ ജീവിച്ചത് അവന്റെ ജീവിതത്തിലെ വെളിച്ചമായിരുന്നു അവന്റെ അമ്മ അവനോട് എല്ലാവരും പറഞ്ഞിരുന്നത് എല്ലാവരും അമ്മയുടെ വർണ്ണനകൾ ആണ് അവനോട് പറഞ്ഞിരുന്നത് ക്ലാസ്സിൽ പഠിച്ചിരുന്ന ആ കുട്ടി മനസ്സിൽ നമ്പര്

ബൈറ്റ്സ്

ത്തിന്റെ പാട്ടുക കൊണ്ടിരുന്നു ഉണ്ടായിരുന്നു മറ്റ് സൗഭാഗ്യങ്ങളിൽ ജീവിക്കുന്ന അവന്റെ ജീവിതത്തിലെ മായാത്ത ഒരു ഓർമ്മയായിരുന്നു. വേർപാടിനെ ദുഃഖത്തിൽ നിന്ന് കര കയറാൻ ശ്രമിക്കുന്ന അവന്റെ പ്രായം കൂടി കൂടി വന്നു പെട്ടന്നാണ് അവന്റെ മുത്തശ്ശിയുടെ മരണം വളരെ പ്രായമുള്ള അവന്റെ മുത്തശ്ശിയെ അവൻ അതിയായി സ്നേഹിച്ചിരുന്നു. അവന്റെ അമ്മ മരിച്ചു കഴിഞ്ഞപ്പോൾ മുതൽ അവനെ നോക്കിയിരുന്നത് അവന്റെ മുത്തശ്ശിയാണ്. നീ വലിയ ഉയരങ്ങളിലേക്ക് എത്തണമെന്നാണ് അവന്റെ മുത്തശ്ശി അവനോട് പറഞ്ഞത്. അവന്റെ അമ്മ മരിച്ചപ്പോൾ അവന്റെ അച്ഛനും അവനെ ഉപേക്ഷിച്ചു. അവന്റെ മുത്തശ്ശി മാത്രമായിരുന്നു ഉള്ളത് അവൻ ആരുമില്ലാ ഇല്ലെന്ന് ഉള്ള ചിന്തയിലായിരുന്നു ജീവിച്ചത്. എന്നാൽ ബന്ധുക്കാർക്കും നാട്ടുകാർക്കും അവനെ നോക്കാൻ താൽപര്യമില്ലായിരുന്നു .ഒരു അനാഥനെ പോലെ കഴിഞ്ഞ അവന്റെ ജീവിതത്തിൽ ആശ്വാസമായി വന്നത് അവന്റെ ആത്മാർത്ഥ സുഹൃത്ത് ആയിരുന്നു. ഇല്ലായ്മയിലും നഷ്ടങ്ങളിലും ജീവിച്ച അവൻറെ ജീവിതം വലിയ ഉയർച്ചയിലേക്ക് പോയി. അതുകഴിഞ്ഞപ്പോൾ അവന്റെ മനസ്സിൽ ജീവിക്കണം എന്നുള്ള ഒരു ആഗ്രഹം വന്നു . എല്ലാവരും അവനെ മനസ്സിലാക്കാൻ തുടങ്ങി ആരും ഇല്ലാത്തവരുടെ ജീവിതത്തിലെ നഷ്ടങ്ങൾ തിരിച്ചറിയാൻ ശ്രമിക്കുമ്പോഴാണ് വലിയ ഉയർച്ചകൾ സംഭവിക്കുന്നത്..

!!!!!!!!!!!!



കവിത

# നന്മകൾ




അലിൻ മേരി ആന്റണി
8 A

ദൈവം നൽകീടുന്ന
അനുഗ്രഹത്തിൻ വിത്ത്
മനസ്സുതന് പാകനിലത്തില്
വിതക്കുന്നന് അനുഗ്രഹീതൻ

നന്മകൾ തൻ മഴ വർഷത്തിൽ
ഉയർന്നുപൊങ്ങുമെന് വിള
സൗരോർജ്ജത്തിന് ച്ചൂടും
തളർത്തുന്നു

## ബൈറ്റ്സ്

വിറകൊള്ളിക്കുമിടിയും
ശക്തമാ കാറ്റും
അതിജീവിച്ച എന് വിള
ഇലയായി മഴയായി

കായായി പാകമായി
നൂറുമേനി വിള നല്കി
ലോകത്തിന് പ്രലോഭനങ്ങള്
എതിര്ത്തു നിന്നു

ദൈവം തന് സന്നിധിയില്
സമർപ്പിച്ചു എന്
ജീവിതം ധന്യമായി.

&&&&&&&&&&&&

## ബൈറ്റ്സ്






ബൈറ്റ്സ്

# നന്ദിയുടെ ഒരു വാക്ക്

കണ്ടും കേട്ടും മുന്നേറിയ കുരുന്നുകളുടെ സൂര്യതേജസ്സ് പോലെ തിളങ്ങുന്ന ചിന്തകൾ................. പ്രതീക്ഷകൾ............... എല്ലാം കോർത്തിണക്കിയ മണിമുത്തു മാല............

ന്യൂനതകൾ ഏറെയുണ്ടെങ്കിലും പ്രതീക്ഷയോടെ സമർപ്പിക്കുന്നു.......
സദയം ക്ഷമിക്കുക......................
ഇളംകതിരുകൾ പൊരിവേനലിൽ വാടാതെ കാക്കുക...........

## എല്ലാവർക്കും നന്ദി

. . . . . . . . . . . . . . . .